| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## ANNUAL EXAMINATION 2019-2020

**MALAYALAM** Code: MYML02

CLASS: VII **SET B** Time Allotted: 2 ½ Hrs.

12.03.2020 **ANSWER KEY** Max .Marks: 80

**General Instructions :**
1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

| Qns | | Marks |
|---|---|---|
| 1. | **അർഥം എഴുതുക** | ½ x 5=2½ |

1. പ്രവൃത്തി
2. ശബ്ദം
3. വിളനിലം
4. മുൻ കോപം
5. പ്രഖ്യാപനം

| 2. | **പര്യായം എഴുതുക** | 1 x 5= 5 |
|---|---|---|

1. കച്ചവടം = വാണിജ്യം, വിപണനം
2. തനയൻ = മകൻ, പുത്രൻ
3. അജം = ആട്, മേഷം
4. കുളി = സ്നാനം, നീരാട്ട്
5. മനസ്സ് = മാനസം, ചിത്തം

| 3. | **വിപരീതം എഴുതുക** | ½ x 5=2½ |
|---|---|---|

1. ഏകം
2. മങ്ങൽ
3. മറന്നു
4. നഷ്ടം
5. പാപം

| 4. | **ഒറ്റപ്പദം എഴുതുക** | 1 x 5= 5 |
|---|---|---|

1. സ്നേഹപ്രദീപം
2. അയൽക്കാർ
3. സഹയാത്രികൻ
4. തെറ്റുകുറ്റങ്ങൾ
5. യൗവനം

5. **അർഥവ്യത്യാസം എഴുതുക** 1x 3= 3

1. ശരീരം
   സന്യാസി
2. വിപരീതമായ
   വിളക്ക്
3. അരുവി
   വസ്ത്രം

6. **എതിർലിംഗമെഴുതുക** ½ x 5=2½

1. സ്വാമിനി
2. വേലക്കാരി
3. അമ്മൂമ്മ
4. അധ്യാപക
5. പശു

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. ആലോചന
2. പ്രശസ്തം
3. വാർധക്യം
4.. ഗംഭീരം
5. വിദ്യാഭ്യാസം

8. **നാനാർഥം എഴുതുക** 1x 5=5

1. കണ്ടം = വയൽ, കഷണം
2. ജാതി = മതത്തിലെ ഒരു വിഭാഗം, ഒരിനം മരം
3. വട്ടം = മതത്തിലെ ഒരു വിഭാഗം, ഒരിനം മരം
4. ചിത്രം = അത്ഭുതം, പടം,
5. ദഹനം = ദഹിപ്പിക്കൽ, പ്രാവ്, ചേരുമരം

9. **വിഗ്രഹിച്ചെഴുതുക** 1x 5=5

1. പാഠപുസ്തകം = പഠിക്കുന്നതിനുള്ള പുസ്തകം
2. വൈശ്യതനയന്മാർ = വൈശ്യൻെറ തനയന്മാർ
3. നാശനഷ്ടങ്ങൾ = നാശവും നഷ്ടവും
4. ഗോശാല = ഗോക്കളുടെ ശാല
5. കുസൃതിക്കുട്ടി = കുസൃതിയായ കുട്ടി

10. **പിരിച്ചെഴുതുക** 1x 5=5

1. നട്ടുച്ച + ഓളം
2. തല + അനക്കി
3. ഗംഭീരം + ആയിരുന്നു
4. സംശയം + ഒന്നുമില്ല
5. പറന്ന് + ഇനി

11. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. മനം കുളിർപ്പിച്ചു
2. പൊട്ടിച്ചിരിക്കുക

12. **പ്രയോഗം മാറ്റുക** 1x 2=2

1. കാസിം ന്യായാധിപനാൽ ശിക്ഷിക്കപ്പെട്ടു
2. നീ എന്നാൽ സ്നേഹിക്കപ്പെടുന്നു

13. **പകരംപദം എഴുതുക** ½ x 2= 1

1. അന്ധൻ
2. ബധിരൻ

14. **ചേരുംപടി ചേർക്കുക** ½ x 5=2½

1. മഹാഭാരതം കിളിപ്പാട്ട്
2. ഒളപ്പമണ്ണ
3. മേരി ജോൺ കൂത്താട്ടുകുളം
4. മിസ്റ്റർ ഗയിൽസ്
5. അബു കാസിം

15. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x 5 = 5

1. കാകൻെറയും അരയന്നങ്ങളുടെയും കഥ കർണനോട് പറയുന്നതാര്?
   ഉ. ശല്യർ
2. "ആരുടെയും കണ്ണിൽപ്പെടാതെ ചെരുപ്പുകൾ മട്ടുപ്പാവിലിട്ടിട്ട് അയാൾ ചിന്തിച്ചു: എങ്ങനെ ഈ ചെരുപ്പുകൾ ഒഴിവാക്കും." ഇങ്ങനെ ചിന്തിച്ചത് ആര്?
   ഉ. അബു കാസിം
3. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" ഈ സന്ദേശം ആരുടേതാണ്?
   ഉ. ശ്രീനാരായണഗുരു
4. 'അങ്ങോട്ട് സ്നേഹിച്ചാൽ കുന്നു പോലും ഇങ്ങോട്ടു സ്നേഹിക്കും. പിന്നെ മനുഷ്യരുടെ കാര്യം പറയണോ?'– ആരുടെ വാക്കുകളാണിത്?
   ഉ. മുത്തശ്ശൻ
5. കാളകളുടെ കളിയാട്ടം കണ്ട് വയലിൽ ചൊടിച്ചിരിക്കുന്നതാര്?
   ഉ. വൃദ്ധൻ

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x 1=5

കിഴവനാണെങ്കിലുമക്കൃഷിക്കാരൻ തൻ
വയലിൻവരമ്പത്തു വന്നിരിക്കും
മക്കളക്കണ്ടം കിളയ്ക്കുന്നതും നോക്കി
നട്ടുച്ചയോളം ചടഞ്ഞിരിക്കും
ചളിയിൽപ്പുരണ്ടവരൂരുന്ന കാളതൻ
കളിയാട്ടം കണ്ടു ചൊടിച്ചിരിക്കും
ഞാറു പെണ്ണുങ്ങൾ നടുമ്പോഴുമക്കരെ–
ച്ചേറിൻെറ ഗന്ധം ശ്വസിച്ചിരിക്കും
തെളിമയിൽക്കാളയും മക്കളും ചോലയിൽ

ക്കുളികഴിഞ്ഞെത്തുവാൻ കാത്തിരിക്കും.

17. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1.“എത്ര കണ്ടാലും പിന്നെയും പിന്നെയും കാണണമെന്ന് തോന്നിക്കുന്ന ഒന്നായിരുന്നു ആ നാടകം ” ഗാന്ധിജിയ്ക്ക് പിന്നെയും പിന്നെയും കാണണമെന്ന് തോന്നിയ ആ നാടകം ഏതായിരുന്നു?
ഉ. ഹരിശ്ചന്ദ്രൻ

2. ജാതിയും ഉപജാതിയും നിറഞ്ഞ കേരളം ഒരു ഭ്രാന്താലയമാണെന്നു പറഞ്ഞതാര്?
ഉ. സ്വാമി വിവേകാനന്ദൻ

6. കടൽ പറന്നു കടക്കാൻ അരയന്നങ്ങളെ വെല്ലുവിളിച്ചതാര്?

ഉ. കാകൻ

7. പൂക്കളെ ചുംബിച്ചുണർത്തി, പുതുവാർത്തകളോതിയതാരാണ്?

ഉ. കാറ്റ്

8. “നശിച്ച ചെരുപ്പുകൾ. ഇതെൻെറ ധനം മുഴുവൻ നശിപ്പിക്കും. ഇതിന് അറുതി വരുത്തിയിട്ടുതന്നെ കാര്യം” ആരുടേതാണീ വാക്കുകൾ?

ഉ. കാസിം

18. **ഉത്തരം എഴുതുക** 2x 6=12

1. ഒത്ത ശരീരമുള്ള കുലീനതയുള്ള വസ്ത്രം ധരിച്ച മുണ്ഡനം ചെയ്ത തലയോടുകൂടിയ ഒരാളായിരുന്നു ശ്രീനരായണഗുരു. അദ്ദേഹത്തിൻെറ മുഖത്ത് നിറഞ്ഞുനിന്ന തേജസ്സും ദിവ്യത്വവും ചുണ്ടുകളിൽ ഓളം വെട്ടിയിരുന്ന നേർത്ത പുഞ്ചിരിയും കാണുമ്പോൾത്തന്നെ ഏതൊരാൾക്കും അദ്ദേഹത്തോട് ബഹുമാനം തോന്നുമായിരുന്നു.

2. മുത്തശ്ശി അവതരിപ്പിച്ച കുസൃതിക്കുട്ടിക്ക് ആരേയും ഇഷ്ടമില്ലായിരുന്നു, സ്നേഹിക്കുകയുമില്ലായിരുന്നു. സ്നേഹമെന്താണെന്ന് അവന് അറിയില്ലായിരുന്നു. അതുകൊണ്ടുതന്നെ തന്നോട് സ്നേഹം കാണിക്കുന്നവരെ അവൻ ഇഷ്ടക്കേടോടെ ‘ഞാൻ നിന്നെ വെറുക്കുന്നുവെന്നു പറയുമായിരുന്നു’.
3. മിസ്റ്റർ ഗയിൽസ് ക്ലാസ്സിലെ എല്ലാ കുട്ടികൾക്കുമായി കേട്ടെഴുത്ത് നടത്തി. ‘കെറ്റിൽ’ എന്ന വാക്ക്കൊടുത്തപ്പോൾ ഗാന്ധിജി തെറ്റായിട്ടായിരുന്നു എഴുതിയത്. അടുത്ത കുട്ടിയുടേത്നോക്കിയെഴുതാൻ അധ്യാപകൻസൂചനനൽകിയിട്ടും ഗാന്ധിജി അതുചെയ്തില്ല. അങ്ങനെയാണ് ഗാന്ധിജി മടയനായത്.

4. കാസിം മഹാ പിശുക്കനായിരുന്നു. ധനവാനായിരുന്നെങ്കിലും കീറിപ്പറിഞ്ഞ കുപ്പായവും അഴുകി ദ്രവിച്ച തലപ്പാവുമായി ഒരു പിച്ചക്കാരൻെറ വേഷത്തിലായിരുന്നു അയാൾ നടന്നിരുന്നത്.

5. ഭൂമിയിലെ പാപങ്ങൾ നീക്കാൻ വന്ന ചൈതന്യമായും, ത്യാഗത്തിൻെറ ഇരിപ്പിടമായും സത്യദീപം തെളിയിക്കുന്ന ശക്തിയായും ലോകം പ്രകാശിപ്പിക്കുന്ന സ്നേഹ വിളക്കായും ആണ് ഉണ്ണിയേശുവിനെ കവയിത്രി അവതരിപ്പിച്ചിരിക്കുന്നത്.

6. മക്കൾ കണ്ടം കിളയ്ക്കുന്നതും നോക്കി നട്ടുച്ച വരെ തൻെറ വയലിൻെറ വരമ്പത്ത് ചടഞ്ഞിരിക്കുന്നതായിരുന്നു വൃദ്ധനായ കൃഷിക്കാരൻെറ ദിനചര്യ.

19. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x5=5

പ്രാചീന കവികളായ ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരെയാണ് മലയാളത്തിലെ പ്രാചീന കവിത്രയം എന്നു പറയുന്നത്. 15–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാളഭാഷാകവിയാണ് ചെറുശ്ശേരി നമ്പൂതിരി. കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമൻെറ പണ്ഡിതസദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി നമ്പൂതിരി. ഭക്തി, ഫലിതം, ശൃംഗാരം എന്നീ ഭാവങ്ങളാണ് ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ ദർശിക്കാനാവുന്നത്. കൃഷ്ണഗാഥയാണ് പ്രധാന കൃതി.
ആധുനിക മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന ഭാഷാകവിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. എഴുത്തച്ഛൻ 15–ാം നൂറ്റാണ്ടിനും 16–ാം നൂറ്റാണ്ടിനും ഇടയിലായി ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തായിരുന്നു കവിയുടെ ജനനം. ഇപ്പോൾ ഈ സ്ഥലം തുഞ്ചൻപറമ്പ് എന്നറിയപ്പെടുന്നു. കിളിപ്പാട്ട് എന്ന കാവ്യരചനാരീതിയായിരുന്നു എഴുത്തച്ഛൻ ആവിഷ്ക്കരിച്ചത് .കിളി കഥ പറയുന്ന രീതിയിൽ എഴുതപ്പെടുന്ന കാവ്യങ്ങളെയാണ് കിളിപ്പാട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്നത്. അദ്ധ്യാത്മരാമായണം കിളിപ്പാട്ട് മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛൻെറ പ്രധാന കിളിപ്പാട്ടു രചനകൾ. ഇവ കൂടാതെ ഒട്ടേറെ കാവ്യങ്ങളും എഴുത്തച്ഛൻേറതായിട്ടുണ്ട്.

18–ാം നൂറ്റാണ്ടിലെ പ്രമുഖ ഭാഷാകവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാ സമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിൻെറ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനാണ്. മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണ്യനായിരുന്നു നമ്പ്യാർ. പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കലക്കത്ത് ഭവനത്തിലായിരുന്നു നമ്പ്യാരുടെ ജനനം. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 64 തുള്ളലുകൾ നമ്പ്യാർ എഴുതിയതായി പറയപ്പെടുന്നു.

.

1. ഭക്തി, ഫലിതം, ശൃംഗാരം എന്നീ ഭാവങ്ങളാണ് ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ ദർശിക്കാനാവുന്നത
2. കിളി കഥ പറയുന്ന രീതിയിൽ എഴുതപ്പെടുന്ന കാവ്യങ്ങളെയാണ് കിളിപ്പാട്ടുകൾ എന്ന പേരിൽ അറിയപ്പെടുന്നത്.

3. പ്രാചീന കവികളായ ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരെയാണ് മലയാളത്തിലെ പ്രാചീന കവിത്രയം എന്നു പറയുന്നത്.
4. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തായിരുന്നു കവിയുടെ ജനനം.
5. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 64 തുള്ളലുകൾ നമ്പ്യാർ എഴുതിയതായി പറയപ്പെടുന്നു.

.

20. **ആശയം വിപുലീകരിച്ചെഴുതുക** 4 x 1= 4

"മിന്നുന്നതെല്ലാം പൊന്നല്ല"

പുറമേ കാണുന്നതെല്ലാം സത്യമല്ല എന്ന് വ്യക്തമാക്കുന്ന ഒരു ചൊല്ലാണിത്. ബാഹ്യമോടിയിൽ ആകൃഷ്ടരായി ജീവിതം നയിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ഈ ചൊല്ലിന് വളരെ പ്രാധാന്യമുണ്ട്. ആകൃതിയുടെ മേന്മ ഒരിക്കലും ഒരു അളവുകോലാക്കരുത്. കാരണം, പുറമേ കാണപ്പെടുന്നത് പോലെയല്ല യഥാർത്ഥത്തിൽ വസ്തുക്കളുടെ സ്ഥിതി. ഉദാഹരണത്തിന്, ഒരാളുടെ രൂപവും അയാളുടെ സംഭാഷണവും വളരെ നന്നായിരിക്കും. എന്നാൽ സ്വഭാവത്തിൽ ആ ഗുണം കാണണം എന്നില്ല. ചുരുക്കത്തിൽ ബാഹ്യസൗന്ദര്യത്തേക്കാൾ നാം വിലമതിക്കേണ്ടത് ആന്തരിക സൗന്ദര്യത്തിനാണ്. സ്വർണ്ണം പോലെ മിന്നുന്നത് എല്ലാം സ്വർണ്ണം ആയിക്കൊള്ളണം എന്നില്ല

അല്ലെങ്കിൽ

"ചൊട്ടയിലെ ശീലം ചുടല വരെ"

ഒരു മനുഷ്യനിൽ സഹജമായി കാണുന്ന സ്വഭാവസവിശേഷതയാണ് ശീലങ്ങൾ. ബാല്യകാലത്താണ് ശീലങ്ങൾ രൂപപ്പെടുന്നത്. ഇത് നല്ല ശീലങ്ങളോ ചീത്ത ശീലങ്ങളോ ആകാം. ഏതായാലും ചെറുപ്പത്തിൽ വേരുറയ്ക്കുന്ന ശീലത്തിൽ നമ്മുടെ ജീവിതകാലം മുഴുവൻ നിലനിൽക്കും. ശുചിത്വം, ആദരവ്,
ധാർമികബോധം, വിനയം, ബഹുമാനം, തുടങ്ങിയ നല്ല ശീലങ്ങൾ കുട്ടികൾ ബാല്യകാലത്ത് ശീലിക്കേണ്ടതാണ് . എങ്കിൽ മാത്രമേ പിൽക്കാലത്ത് അവർ നല്ല പൗരന്മാരായി മാറുകയുള്ളൂ. തനിക്കും തൻെറ സമൂഹത്തിനും ദ്രോഹകരമായി തീരുന്ന ദുശ്ശീലങ്ങൾ കുട്ടികൾ ചെറുപ്പത്തിൽ തന്നെ ഒഴിവാക്കണം. കാരണം,ശീലങ്ങൾ ഉറച്ചുപോയാൽ പിന്നെ അത് മാറ്റാൻ പ്രയാസമാണ്. അതിനാൽ കുട്ടികൾ നല്ല ശീലങ്ങൾ സ്വായത്തമാക്കേണ്ടതാണ് .........................